**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 719** **17-09-2025 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് സെക്ഷൻ പദ്ധതിയുടെ പാലാ നിയോജക മണ്ഡലത്തിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മുടക്കമില്ലാതെ വൈദ്യുതി ലഭ്യമാക്കി പരമാവധി ഉപഭോക്താക്കളുടെ പരാതികൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന 'സ്മാർട്ട് സെക്ഷൻ പദ്ധതി'യുടെ പാലാ നിയോജക മണ്ഡലത്തിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മികവിനുള്ള അഞ്ച് പാക്കേജ് പരിപാടിയുടെ നിർദ്ദേശം പരിഗണനയിൽ വരികയും, ഓരോ പദ്ധതിയുടെയും സമഗ്ര നിർദ്ദേശം പരിഗണിക്കാൻ 02.09.2025-ൽ ബോർഡ് തീരുമാനിക്കുകയും ഉണ്ടായി.<br><br>മേൽ പാക്കേജുകളിൽ വിതരണ സെക്ഷൻ ഓഫീസുകൾ സ്മാർട്ട് സെക്ഷൻ ആക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിനാൽ മേൽ പദ്ധതിയുടെ സമഗ്ര നിർദ്ദേശത്തിൽ ബോർഡ് തീരുമാനം എടുത്താൽ മാത്രമേ പാലാ സെക്ഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പാലാ നിയോജക മണ്ഡലത്തിൽ ഒരു ഫീഡറിൽ വൈദ്യുതി മുടങ്ങിയാൽ ഒരു പ്രദേശമാകെ വൈദ്യുതി തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഈ പദ്ധതി പ്രകാരം നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഇപ്രകാരമുള്ള വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കൽ സ്മാർട്ട് സെക്ഷൻ പദ്ധതി നിർദ്ദേശത്തിൽ പ്രഥമ പരിഗണനയായി വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ